# വില ആധാരം / ജന്മം തീറാധാരം

(ഫോട്ടോ) എഴുതിക്കൊടുക്കുന്ന കക്ഷിയുടെയും എഴുതി
വാങ്ങുന്നകക്ഷിയുടെയും (ഫോട്ടോ) പേര്, വിരൽപതിപ്പ്

..........ആണ്ട്......................മാസം........................(തീയതി....................)..................
ജില്ലയില്...........................................................താലൂക്കിൽ...........................................
വില്ലേജിൽ...............................................................................................ദേശത്ത്..........
നമ്പർവീട്ടിൽ...........................................മകൻ/മകൾ.........................................................
.....................................................................(തൊഴിൽ)...........വയസ്സുള്ള..........................
തിരിച്ചറിയൽകാർഡ്നമ്പർ............(.PAN/GIRNo.).പി.ഒ................................................
പിൻകോഡ്നമ്പർ(..............................................)..........................................ജില്ലയിൽ...
.........................................താലൂക്കിൽ..........................................................വില്ലേജിൽ
.........................................................ദേശത്ത്...........നമ്പർവീട്ടിൽ.....................................
മകൻ/മകൾ..............................................................................(തൊഴിൽ)..........................
വയസ്സുള്ള..................................(തിരിച്ചറിയൽകാർഡ്നമ്പർ........................................)
(PAN/GIRNo.)പി.ഒ.............................................പിൻകോഡ്നമ്പർ(..............................)
എന്നയാൾ പേർക്ക് എഴുതിക്കൊടുത്തവിലയാധാരം.

താഴെ പട്ടികയിൽ വിശദമാക്കുന്നതും........................................താലൂക്കിൽ ........................................വില്ലേജിൽ............തണ്ടപ്പേരുപ്രകാരംഎന്റെ /ഞങ്ങളുടെപേരിൽകൂട്ടിപോക്കുവരവ് ചെയ്തു പട്ടയംപിടിച്ച് കരം തീർത്തുതരുന്നതും ഈ ആധാരപ്രകാരം നിങ്ങൾക്ക്/താങ്കൾക്ക് വിലയ്ക്കു തരുന്നതുമായ വസ്തുവകകള്.......................................................സബ് രജിസ്ട്രാരാഫീസുവക............(വർഷം)ലെ ഒന്നാം പുസ്തകം........................... വാല്യം................മുതൽ................വരെവശങ്ങളിൽ.............നമ്പരായി........................... ആളിൽ നിന്നും എന്റെ പേർക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വിലയാധാര പ്രകാരം പൂർണ്ണ ഉടമസ്ഥാവകാശപ്പെട്ടു ലഭിച്ചിട്ടുള്ളതും ഞാൻ കൈവശം വച്ച് എന്റെ പേരിൽകൂടി പോക്കുവരവ് ചെയ്യിച്ചു.............................................. വില്ലേജുവക.........................-ാ ം നമ്പർ തണ്ടപ്പേരും പടികരംതീർത്തുവിക്രയാദി സർവ്വസ്വാതന്ത്ര്യാവകാശ സഹിതം നിരാക്ഷേപം അടക്കി അനുഭവിച്ചുവരുന്നതും ഏതുവിധമായ കാരണങ്ങൾ ചെയ്യുന്നതിനു എനിക്ക് പൂർണ്ണ അധികാരവും അർഹതയും ഉള്ളതും ആകുന്നു.

ഇപ്രകാരമുള്ള പട്ടിക വസ്തു എന്റെ വക ആവശ്യം വകയ്ക്കായി വിൽക്കുന്നതിന് തീരുമാനിച്ചതിൻ പ്രകാരം പട്ടിക വസ്തുവകകൾക്ക്............ ..........................................................................രൂപ(അക്കത്തിലുംഅക്ഷരത്തിലും) പ്രതിഫലം നിശ്ചയിച്ചു തന്നുകൊള്ളാമെന്ന് ഞാനും വാങ്ങിക്കൊള്ളാമെന്ന് നിങ്ങളും ...........-ാ ം തീയതിയിലെ കരാർ പ്രകാരം സമ്മതിച്ചിരിക്കുന്നു.

മേൽ കരാറിൻ പടി സമ്മതിച്ച പ്രതിഫലം................................................... ...................................................................................................................................

രൂപാ(അക്കത്തിലും അക്ഷരത്തിലും) ഞാൻ ഇന്നേ ദിവസം നിങ്ങളിൽ നിന്നും രൊക്കം പറ്റി ബോദ്ധ്യപ്പെട്ടു പട്ടിക വസ്തുവകകൾ നിങ്ങളുടെ കൈവശാധീനതയിൽ ഏൽപ്പിച്ചു വിട്ടുതന്നിരിക്കുന്നു.

ഈ ആധാരപ്രകാരം പട്ടിക വസ്തുവകകൾ നിങ്ങൾ ഇന്നു മുതൽ പൂർണ്ണഉടമസ്ഥനായി കൈവശം വച്ചു പോക്കുവരവ് ചെയ്തു പുതിയ പട്ടയം പിടിച്ചു കരംതീർത്തു ക്രയവിക്രയാദി സർവ്വസ്വാതന്ത്ര്യാവകാശങ്ങളോടു കൂടി വിലയായി അടക്കി അനുഭവിച്ചു കൊള്ളുന്നതിന് ഞാൻ ഇതിനാൽ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

വസ്തുവിന്റെ ഉടമസ്ഥനായ ഞാൻ താഴെ പറയുന്ന പ്രകാരം താങ്കളെ ഇതിനാൽ സത്യം ബോധ്യപ്പെടുത്തിക്കൊള്ളുന്നു.

1) പട്ടിക വസ്തുവകകള് വില്പന നടത്തുന്നതിനും പ്രതിഫലം പറ്റി ഹിതാനുസരണം വിനിയോഗിക്കുന്നതിനും എനിക്ക് പൂർണ്ണസ്വാതന്ത്ര്യവും അധികാരാവകാശവും ഉള്ളതും അതിനെ ചോദ്യം ചെയ്യാനോ തടസ്സപ്പെടുത്തുന്നതിനോ മറ്റാർക്കും യാതൊരുവിധ അധികാരവും അവകാശവും അർഹതയും ഇല്ലാത്തതുമാകുന്നു.

2) പട്ടിക വസ്തുവകകൾ വിൽക്കുന്നതിനു എനിക്ക് പൂർണ്ണ അവകാശവും അധികാരവും സ്വാതന്ത്ര്യവും ഉള്ളതും ഈ അവകാശത്തെ ഞാൻയാതൊരു വിധ കരാറിലും അന്യ കൈവശത്തിലും ഉൾപ്പെടുത്തിയിട്ടില്ലാത്തതും ആകുന്നു.

3) പട്ടിക വസ്തുവകകൾ യാതൊരുവിധ അന്യാധീനങ്ങളിലും അർത്ഥബാദ്ധ്യതയിലും കോർട്ടുജപ്തി, ജാമ്യം ,പണയം മുതലായ തടങ്കലുകളിലും റവന്യൂ റിക്കവറി, ലാന്റ് അസൈൻമെന്റ്, ലാന്റ് അക്വസിഷൻ, ലാന്റ് സീലിങ്ങ് മുതലായ സർക്കാർ നടപടിയിലും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പതിച്ച് പട്ടയം നൽകിയ വസ്തുവിലോ മറ്റു യാതൊന്നിലും ഉൾപ്പെടുത്തിയിട്ടില്ല എന്നും അപ്രകാരം കണ്ട് ഉണ്ടാകാവുന്നവല്ല ദോഷ നഷ്ടങ്ങൾക്കും ഞാൻ ഈ പ്രതിഫലം കൊണ്ടും എന്റെ സ്വന്തംനിലയ്ക്കും നഷ്ടോത്തരവാദിത്വം ചെയ്തുകൊള്ളാവുന്നതും ആകുന്നു.

4) നാളിതുവരെയുള്ള സർക്കാർ  കരം, തദ്ദേശ നികുതികൾ,മറ്റ് എല്ലാത്തരം നികുതികളും പട്ടിക വസ്തുവെ സംബന്ധിച്ച് ഞാന് തന്നെ അടച്ചുതീർത്തിട്ടുള്ളതും.കുടിശ്ശികയുള്ളതായി കാണുന്ന പക്ഷം ഞാൻ തന്നെ അടച്ചു തീർത്തുകൊള്ളാവുന്നതും ഭാവിയിൽ ഉണ്ടാകാവുന്നവ താങ്കൾ തന്നെ അടച്ചുതീർത്തുകൊള്ളേണ്ടതുമാകുന്നു.

5) പട്ടിക വസ്തുവകകൾ താങ്കളെ ഇതിനാൽ വിട്ടു ഏല്പിച്ചുതന്നിരിക്കുന്നതും പട്ടിക വസ്തു  സംബന്ധമായ മുൻആധാരം, കരം തീർത്ത രസീതു മറ്റു അനുബന്ധരേഖകള് മുതലായവ താങ്കളെ ഏല്പിച്ചിരിക്കുന്നതും ആകുന്നു.

6) ഈ ആധാര സംബന്ധമായ ചെലവുകളും ബാദ്ധ്യതകളും താങ്കൾ തന്നെ വഹിച്ചുകൊള്ളേണ്ടതുമാകുന്നു.

7) പട്ടിക വസ്തുവകകളെ സംബന്ധിച്ച് റവന്യൂ രേഖകളും തദ്ദേശ സ്വയഭരണസ്ഥാപനങ്ങളിലെരേഖകളും താങ്കളുടെ പേരിൽ മാറ്റിക്കൊള്ളുന്നതിനും പുതിയ പട്ടയം പിടിക്കുന്നതിനും ഞാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നതും അതു സംബന്ധമായ രേഖകളിൽ ഒപ്പിടുന്നതിനും ഞാൻ സമ്മതിച്ചിരിക്കുന്നതുമാകുന്നു.

8) പട്ടിക വസ്തുവകകൾ സർക്കാർ ഭൂമിയിലോ പുറമ്പോക്കിലോ നിക്ഷിപ്തവനഭൂമിയിലോ പാരിസ്ഥിതിക ദുർബല പ്രദേശങ്ങളോ മിച്ചഭൂമിയിലോ ഉൾപ്പെട്ടതല്ല.

9) ഈ വസ്തുവിൽ നാഷണൽ ട്രസ്റ്റ് ആക്ടിൽ പരാമർശിക്കുന്ന വൈകല്യമുള്ള വ്യക്തികൾക്കവകാശപ്പെട്ട ഭൂമി ഉൾപ്പെട്ടുവരുന്നില്ല എന്നും പ്രസ്തുത രജിസ്ട്രേഷൻ മൂലം മേൽ വൈകല്യമുള്ളവരുടെ താത്പര്യങ്ങൾ ലംഘിക്ക പ്പെടുകയോ ഹനിക്കപ്പെടുകയോ ചെയ്യുന്നില്ല.

10) കേരള ഭൂപരിഷ്കരണ നിയമവ്യവസ്ഥ അനുസരിച്ച് കൈവശം വയ്ക്കാവുന്ന പരിധിയിൽ കവിഞ്ഞ ഭൂമി എന്റെ കൈവശത്തിലോ ഉടമസ്ഥതയിലോ ഇല്ല.

11) പട്ടിക വസ്തു ലാന്റ് സീലിംഗ് കേസുകളിൽ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ല.

12)പട്ടിക വസ്തുവിന്റെ ഫെയർ വാല്യൂ ........................................................രൂപ ആകുന്നു.(അക്കത്തിലും അക്ഷരത്തിലും)വസ്തു........................................................ ക്ലാസിഫിക്കേഷനിൽ ഉൾപ്പെട്ടുവരുന്നതാകുന്നു.

ഈ വിവരങ്ങൾ എല്ലാം സത്യവും ശരിയുമാകുന്നു.

## വസ്തു വിവര പട്ടിക

| | | |
|---|---|---|
| 1 | ക്രമനമ്പർ | |
| 2 | ഡിസ്ട്രിക്റ്റ് | |
| 3 | സബ് ഡിസ്ട്രിക്റ്റ് | |
| 4 | താലൂക്ക് | |
| 5 | വില്ലേജ് | |
| 6 | മുറി | |
| 7 | കോർപ്പറേഷൻ,വാർഡ് നമ്പർ | |
| 8 | റീസർവ്വെ ബ്ലോക്ക് നമ്പർ | |
| 9 | റീസർവ്വെ നമ്പർ | |
| 10 | റീസർവ്വെ സബ് ഡിവിഷൻ നമ്പർ | |
| 11 | പഴയ സർവ്വെ നമ്പർ | |
| 12 | പഴയ സർവ്വെ സബ് ഡിവിഷൻ നമ്പർ | |
| 13 | വിസ്തീർണ്ണം - സെന്റ്, ച.ലിംഗ്സ് | |
| 14 | വിസ്തീർണ്ണം - ആർ, ച.ലിംഗ്സ് | |
| 15 | അവകാശത്തിന്റെ സ്വഭാവം, ഭൂമിയുടെ തരം | |
| 16 | എഴുതി കൊടുക്കുന്നയാളിന്റെ ടി വില്ലേജിലുള്ള തണ്ടപ്പേര് നമ്പർ | |
| 17 | ലഭിക്കുന്നയാളിന്റെ ടി വില്ലേജിലുള്ള തണ്ടപ്പേര് നമ്പർ | |

| | | | |
|---|---|---|---|
| 18 | വസ്തുവിന്റെ വിവരണം | | |
| 19 | അതിരുകൾ | കിഴക്ക് | |
| | | വടക്ക് | |
| | | പടിഞ്ഞാറ് | |
| | | തെക്ക് | |

മേൽ പ്രകാരമെല്ലാം സമ്മതിച്ച് താഴെ പറയുന്ന സാക്ഷികൾ മുമ്പാകെ ഞാനും എന്റെ മുമ്പാകെ വച്ച് സാക്ഷികളും മേൽ പറഞ്ഞ തീയതിയായ ഇന്നേ ദിവസം ഈ വിലയാധാരത്തിൽ ഒപ്പിട്ടിരിക്കുന്നു.

എഴുതിക്കൊടുത്ത........................................മകൻ............................................................

സാക്ഷികൾ

1)......................................................................

2)......................................................................

തയ്യാറാക്കിയ..................ാംനമ്പർ ലൈസൻസി.................................... (ഒപ്പ്)

ഈ വിലയാധാരം കമ്പ്യൂട്ടർമുദ്രണം ചെയ്തിരിക്കുന്നു.

ഇതിൽ വെട്ടുതിരുത്തില്ല.

എഴുതി കൊടുക്കുന്ന ആൾ (ഒപ്പ്)